II ഇ.ബി. XII കേരള നിയമസഭ/ VIII- 1

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂൺ 23, തിങ്കൾ

പന്ത്രണ്ടാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2008 ജൂൺ മാസം 23-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1 (*1) പി.എസ്.സി. നിയമനരീതിയിൽ വരുത്തിയ മാറ്റം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകളും, നിയമന ശുപാർശ നടത്തുന്നതു സംബന്ധിച്ച് പാലിക്കേണ്ടതായ കോടതി നിർദ്ദേശങ്ങളും അനുസരിച്ചാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ നടത്തിവരുന്നതെന്ന് സഭയെ അറിയിച്ചു. ഒഴിവുകൾ 20-ന്റെ യൂണിറ്റായി കണക്കാക്കി നിയമന ശുപാർശ നൽകണമെന്നാണ് 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 14 (എ)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി 1697/2007 നമ്പർ

റിട്ട് അപ്പീലിന്മേൽ 23-5-2008-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ സമയത്തും റിപ്പോർട്ട് ചെയ്തിട്ടുള്ള മൊത്തം ഒഴിവുകൾ ഇരുപതിൽ കൂടുതലാണെങ്കിൽ അവയെ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമന ശുപാർശ നൽകണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച റിട്ട് അപ്പീലിനാസ്പദമായ ആയുർവ്വേദ മെഡിക്കൽ ഓഫീസർ തസ്തികയിലെ നിയമന ശുപാർശ കോടതി ഉത്തരവനുസരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോടതി നിർദ്ദേശം, മേൽ പരാമർശിച്ച തസ്തിക ഒഴികെ മറ്റ് തസ്തികകളിലേക്കുള്ള നിയമന ശുപാർശയ്ക്ക് കൂടി ബാധകമാക്കുന്നതു സംബന്ധിച്ച് കമ്മീഷൻ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഹൈക്കോടതി ഉത്തരവ് എല്ലാ നിയമനങ്ങൾക്കും ബാധകമാക്കുന്ന കാര്യം സർക്കാരുമായി കൂടിയാലോചിച്ച് തീരുമാനിക്കാനാണ് കമ്മീഷൻ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ഹൈക്കോടതി വിധിയിലെ നിർദ്ദേശം നടപ്പാക്കേണ്ടത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ്. പ്രസ്തുത വിധിയിൽ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ, ചട്ടങ്ങളുടെ സാധുതയൊന്നും ചോദ്യം ചെയ്തിട്ടില്ല. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതു സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് ഉപദേശമൊന്നും നാളിതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല. എന്നിരുന്നാലും ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാകുന്ന പക്ഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം പരിഗണിച്ച് ആവശ്യമായ നടപടികളെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.ഒഴിവുകൾ 100-ന്റെ യൂണിറ്റായി കണക്കാക്കി നിയമന

ശുപാർശ നൽകുന്ന കാര്യത്തെക്കുറിച്ച് പി.എസ്.സി. ഗവണ്മെന്റുമായി ആലോചിച്ച് നടപടികളിലേയ്ക്ക് നീങ്ങുകയാണ്. പി.എസ്.സി. നടത്തുന്ന എഴുത്തുപരീക്ഷയുടെ ഉത്തരസൂചിക ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്ന തിനാവശ്യമായിട്ടുള്ള ഏത് നടപടിയേയും ഗവണ്മെന്റ് അനുകൂലിക്കുകയാണ്. വളരെ പെട്ടെന്ന് ഫലം പ്രസിദ്ധീകരിക്കാൻ കഴിയുന്ന വിധത്തിൽ ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷ ഫലപ്രദമാകുകയാണെങ്കിൽ അതിനെക്കുറിച്ച് പി.എസ്.സി.-യുമായി ആലോചിക്കുന്നതാണ്. ഒരു തസ്തികയിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥി വീണ്ടും അതേ തസ്തികയിലേയ്ക്ക് ഒന്നിലധികം ജില്ലകളിൽ അപേക്ഷിക്കുന്ന പ്രവണത പി.എസ്.സി. നിരുൽസാഹപ്പെടു ത്തുന്നുണ്ട്. കോടതി നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംവരണ സമുദാ യങ്ങൾക്ക് അർഹമായ വിഹിതം കിട്ടുന്ന രീതിയിലാണ് ഇപ്പോൾ പി.എസ്.സി. നിയമനം നടത്തുന്നത്. വികലാംഗരുടെ ഒഴിവുകൾ അടിയന്തി രമായി റിപ്പോർട്ട് ചെയ്യാനും സർക്കാർ സർവ്വീസിൽ അവരുടെ സംവരണം ഉറപ്പു വരുത്താനും ഉദ്യോഗസ്ഥർക്ക് പ്രത്യേകമായ നിർദ്ദേശം കൊടുക്കു ന്നതാണ്. കന്നട ഭാഷാദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. നഴ്സുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ആരോഗ്യവകുപ്പിൽ പിൻവാതിൽ നിയമനം നട ക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി അംഗീകരിച്ച പാക്കേജിന്റെ അടിസ്ഥാനത്തിൽ കമ്യൂ ണൽ റൊട്ടേഷൻ നിയമനം റദ്ദാക്കിയതിന്റെ ഭാഗമായി ഒ.ബി.സി. വിഭാഗ ത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട നിയമനം ലഭിക്കാത്തതി നെക്കുറിച്ചും നിയമനം ലഭിച്ചാൽപോലും അർഹതപ്പെട്ട പ്രൊമോഷൻ കിട്ടാൻ വൈകുന്നതിനെക്കുറിച്ചും പി.എസ്.സി.-യുമായി ചർച്ച ചെയ്ത് അവ

രുടെ അഭിപ്രായം കിട്ടിയശേഷം അതു സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ അഭിപ്രായം പറയുന്നതാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന്റെ ഫലമായി ലിസ്റ്റിലുള്ള പ്രായം ചെന്ന ആളുകൾക്ക് എന്തെങ്കിലും ആനുകൂല്യം ചെയ്യാൻ കഴിയുമോ എന്ന കാര്യവും റാങ്ക്ലിസ്റ്റിന്റെ കാലാവധി നാലു വർഷമാക്കാൻ കഴിയുമോ എന്നതു സംബന്ധിച്ചും പി.എസ്.സി.-യുമായി ആലോചിച്ച് വേണ്ടത് ചെയ്യുന്നതാണ്. പി.എസ്.സി.-യുടെ അഭിപ്രായം വരുന്ന മുറയ്ക്ക് പി.എസ്.സി. ഓഫീസിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്ന കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സർവ്വകലാശാല അടക്കമുള്ള എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതായിരിക്കും നല്ലതെന്ന അഭിപ്രായമാണ് ഗവണ്മെന്റിനുള്ളത്. വനിതാ പോലീസുകാരുടെ നിയമനം ഉൾപ്പെടെ നിലവിലുള്ള റാങ്ക്ലിസ്റ്റുകളുടെ കാലാവധി തീരുന്നതിനു മുമ്പ് നിയമനം നടത്തുന്ന കാര്യം ഗവണ്മെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. എല്ലാ ജില്ലകളിലുമുള്ള ഒഴിവുകൾ യഥാസമയം അറിയിക്കണമെന്ന് വകുപ്പുമേധാവികൾക്ക് കർശനമായ നിർദ്ദേശം പല പ്രാവശ്യം കൊടുത്തിട്ടുള്ളതാണ്. ഇതു സംബന്ധിച്ച ആക്ഷേപങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കർശനമായ നിർദ്ദേശം വീണ്ടും നൽകുന്നതാണ്. ഇക്കാര്യത്തിൽ വകുപ്പുമേധാവികളുടെ സമീപനത്തിൽ മാറ്റം ഉണ്ടാകുന്നില്ലെങ്കിൽ ഇതിനുവേണ്ടി ഒരു മോണിറ്ററിംഗ് സെൽ സെക്രട്ടേറിയറ്റിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഗവണ്മെന്റിന്റെ നയത്തിന് അനുയോജ്യമായ രീതിയിലായിരിക്കും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത്. നിയമന നിരോധവും പിൻവാതിൽ നിയമനവും ഈ ഗവ

ണ്മെന്റിന്റെ നയമല്ലെന്ന് ഉപചോദ്യങ്ങൾക്ക് ഉത്തരമായി മുഖ്യമന്ത്രി അറിയിച്ചു.

2 (*2) <u>മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ.</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 1332.50 ലക്ഷം രൂപചെലവിൽ 34 ലക്ഷം മൃഗങ്ങൾക്കും ചികിത്സാ കേന്ദ്രങ്ങളും അനുബന്ധ പ്രവർത്തനങ്ങളും വിപുലപ്പെടുത്തുകയും മൃഗചികിത്സയും രോഗ പ്രതിരോധ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുകയും ചെയ്തതായി സഭയെ അറിയിച്ചു. കൂടാതെ കേന്ദ്ര സർക്കാരിന്റെയും ദേശീയ ക്ഷീര വികസന ബോർഡിന്റെയും സഹായത്താൽ സമഗ്ര രോഗ വിമുക്ത മേഖലാ പദ്ധതി നടപ്പിലാക്കി. പുതിയ കന്നുകാലിപ്രജനനനയം പ്രഖ്യാപിച്ചു. മൂന്നു ലബോറട്ടറികൾ ആധുനികവൽക്കരിച്ചു. എറണാകുളം മരടിൽ സമുദ്രോൽപ്പന്നങ്ങളും മൃഗോൽപ്പന്നങ്ങളും പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന ലബോറട്ടറി നവീകരിച്ച് പ്രവർത്തനമാരംഭിച്ചു. ‘അസ്കാഡ്’ പദ്ധതി പ്രകാരം 90 ശതമാനം കോഴികൾക്കും താറാവുകൾക്കും പ്രതിരോധകുത്തിവെയ്പ് നടത്തി. പന്നിപ്പനി പ്രതിരോധകുത്തിവെയ്പ് നൽകി. ശ്രീചിത്രാ തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് അകിടുവീക്കരോഗത്തെ യഥാസമയം കണ്ടെത്തുന്നതിനുള്ള ഉപകരണങ്ങൾ വിതരണം നടത്തി.ആറ് കേന്ദ്രങ്ങളിൽ ആധുനികരോഗ നിർണ്ണയ സങ്കേതമായ ടെലിപ്പത്തോളജി യൂണിറ്റുകൾ സ്ഥാപിച്ചു. 2008 മെയ്

ഒന്നുമുതൽ സംസ്ഥാനത്ത് കൃത്രിമ ബീജസങ്കലനം സൗജന്യമാക്കി. കുരീപ്പുഴ ടർക്കിഫാം നവീകരിച്ചു. കൂടാതെ സംസ്ഥാനത്തൊട്ടാകെ ടർക്കി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചു. 170 ലക്ഷം രൂപാ ചെലവിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും സൗജന്യ നിരക്കിൽ കാലിത്തീറ്റ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി. ഇതിന്റെ ഫലമായി മൃഗങ്ങളുടേയും പക്ഷികളുടേയും രോഗനിയന്ത്രണം, രോഗ പ്രതിരോധം, പകർച്ചവ്യാധി തടയൽ, രോഗനിർണ്ണയം എന്നീ രംഗങ്ങളിൽ വമ്പിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. കൂടാതെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതുവഴി കർഷകർക്ക് 90 ലക്ഷം രൂപയുടേയും കൃത്രിമ ബീജസങ്കലനം സൗജന്യമാക്കിയതോടെ 7 കോടിയോളം രൂപയുടേയും നേട്ടവും പുതിയ തൊഴിലവസരങ്ങളും ക്ഷീരകർഷകർക്ക് ലഭിക്കുന്നു. പാൽ ഉൽപ്പാദനത്തിൽ 2005-06-ലെ കണക്കനുസരിച്ച്, 1.40 ലക്ഷം മെട്രിക് ടണ്ണിന്റെ വർദ്ധനവും മുട്ട ഉൽപ്പാദനത്തിൽ 5 കോടിയുടെ വർദ്ധനവും മാംസോൽപ്പാദനത്തിൽ 5,000 ടണ്ണിന്റെ വർദ്ധനവുമാണ് ഉണ്ടായിട്ടുള്ളത്. 2007 ഫെബ്രുവരിയിൽ ആരംഭിച്ച ക്ഷീരധാര പദ്ധതി പ്രവർത്തനത്തിനു വിധേയമായ ഒന്നര ലക്ഷം പശുക്കളുടെ പ്രസവം ആരംഭിച്ചിട്ടേയുള്ളൂ. ഗുണമേന്മയാണ് പ്രധാനമെങ്കിലും എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു.അന്യസംസ്ഥാനങ്ങളിൽ നിന്നും ഇപ്പോൾ പ്രതിദിനം ശരാശരി 1.20 ലക്ഷം ലിറ്റർ പാലാണ് മിൽമ വാങ്ങുന്നത്. നേരത്തെ ഇത് 2.50 ലക്ഷം ലിറ്റർ ആയിരുന്നു.പശുഗ്രാമം പദ്ധതി പ്രകാരം 52,000 ലിറ്റർ പാലിന്റെ പ്രതിദിന വർദ്ധനവും. എം.എസ്.ഡി.പി.-യിലൂടെ 72,552 ലിറ്റർ പ്രതിദിന വർദ്ധനവുമുണ്ടായിട്ടുണ്ട്. ആദിവാസികളുടെ സാമൂഹ്യപശ്ചാത്തലം

പരിഗണിച്ച് അവർക്ക് സൗജന്യമായി പശുക്കളെ വിതരണം ചെയ്യാൻ എപ്രകാരം കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. സാമൂഹ്യ മായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ആളുകൾക്കായി പശു ഗ്രാമം പദ്ധതിയുടെ ഭാഗമായി രണ്ട് പശുക്കളെ വീതം വിതരണം ചെയ്തി ട്ടുണ്ട്. തീറ്റപ്പുൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി രണ്ടു കോടി രൂപ ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും ഒരു ഹെക്ടറിൽ തീറ്റപ്പുൽ കൃഷി ചെയ്യാ നായി 7200 രൂപ വരെ ഗ്രാന്റ് നൽകുകയും ചെയ്യുന്നുണ്ട്. കേന്ദ്ര സഹായ ത്തോടുകൂടി ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ സമ്പൂർണ്ണ ഇൻഷ്വ റൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇത് എല്ലാ ജില്ലകളിലും നടപ്പിലാ ക്കാനായി കേന്ദ്രഗവണ്മെന്റിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. മിൽക്ക് ഷെഡ് പ്രോഗ്രാം വിപുലമാക്കുന്നതാണ്. മിൽമയുടെ പ്രവർത്തനം മെച്ചപ്പെ ടുത്തുന്നതിനായി ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നുണ്ട്. പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ ഇപ്പോൾ തന്നെ സംവിധാനമുണ്ട്. എന്തെങ്കിലും അത്യാവശ്യഘട്ടം വന്നാൽ പബ്ളിക് ഹെൽത്ത് ലബോറട്ടറിയിൽ പരിശോധിക്കുന്നതിനുള്ള സംവിധാ നവുമുണ്ട്. ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന സാമ്പത്തിക നഷ്ടം കണ ക്കിലെടുത്ത് ഒരു ക്ഷേമ പദ്ധതിക്കായി 2 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ രണ്ടു വർഷത്തിനിടയിൽ മൂന്നു തവണ പാൽ വില കൂട്ടുകയും ചെയ്തിട്ടുണ്ട്. ആനിമൽ ഹസ്ബൻഡറി ഡിപ്പാർട്ട്മെന്റിൽ നിന്ന് സൗജന്യ മായി വെറ്ററിനറി സർവ്വീസ് ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്ത് വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം ആസൂത്ര ണബോർഡിന്റെ പരിഗണനയിലാണ്. മിൽക്ക് ഷെഡ് പ്രോഗ്രാം, വിദർഭ സ്കീം, പശുഗ്രാമം എന്നീ പദ്ധതികൾ അനുസരിച്ച് അത്യുൽപ്പാദനശേഷി

യുള്ള കന്നുകാലികളെ വെറ്ററിനറി ഡോക്ടർമാരും ഡയറി ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരും ബെനിഫിഷ്യറീസും ചേർന്ന് അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുകയും അതിനാവശ്യമായ സാമ്പത്തികസഹായം ഗവണ്മെന്റ് കൊടുക്കുകയുമാണ് ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട ചില പരാതികളി ന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എൽ.ഡി. ബോർഡ്, വെറ്ററിനറി ഡിപ്പാർട്ട്മെന്റ്, ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് എന്നിവ ഒരു കൺസോർഷ്യമായിട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ക്ഷീരോൽപ്പാദന രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സഹകരണസംഘങ്ങളെക്കൂടി സഹകരിപ്പിച്ച് ഇന്റഗ്രേറ്റഡായി നടപ്പാക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭി ച്ചിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി ആസൂത്രണവകുപ്പിന്റെ നിർദ്ദേശപ്രകാരം മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിന് സബ്സിഡി നൽകുന്നുണ്ട്. എന്നാൽ ക്ഷീരോൽപ്പാദനമേഖലയിൽ എ.പി.എൽ. വിഭാഗം കൂടി കടന്നുവരാൻ വേണ്ടി അവർക്കുകൂടി സബ്സിഡി ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്. ‘വീട്ടുമുറ്റത്തെ കോഴി’ എന്ന ആശയം വ്യാപകമാക്കുന്നതാണ്. സുനാമി ബാധിത പ്രദേശങ്ങളിലും അനുബന്ധ മേഖലകളിലും കോഴി വളർത്തൽ, പശു വിതരണം എന്നിവ ഇപ്പോൾ നടത്തുന്നുണ്ട്. എന്നിരുന്നാലും കേന്ദ്ര ഗവണ്മെന്റ് പദ്ധതിയുമായി ബന്ധപ്പെ ടുത്തി മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ കോഴി, പശു, ആട് തുടങ്ങിയവ വളർത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അരൂരിൽ സ്ഥാപി ച്ചിരിക്കുന്ന മിൽക്ക് ഫെസിലിറ്റേറ്റീവ് സെന്റർ ഫലപ്രദമായി വിനിയോഗിക്കാ നുള്ള നടപടി സ്വീകരിക്കുന്നതാണ്.ഇടുക്കിയിലും വയനാടും എൻ.ആർ.ഐ. സഹായത്തോടുകൂടി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ രണ്ട്

ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും ഇതിനാവശ്യമായ സ്ഥലം, ഇൻഫ്രാസ്ട്രക്ച്ചർ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ ഗവണ്മെന്റ് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

3 (*3) <u>സിവിൽ സർവ്വീസ് നവീകരണം.</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ സംസ്ഥാനത്ത് ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ കണക്കിലെടുത്ത് എല്ലാ വകുപ്പുകളിലും പൗരാവകാശ രേഖ രൂപീകരിക്കുന്നതിനും എൻക്വയറി കൗണ്ടർ തുടങ്ങുന്നതിനും ഗവൺമെന്റ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായിയെന്ന് സഭയെ അറിയിച്ചു. പൊതുജനങ്ങൾ കൂടുതലായി സമീപിക്കുന്ന റവന്യൂ, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ്, സിവിൽ സപ്ലൈസ്, മോട്ടോർ വെഹിക്കിൾസ് തുടങ്ങിയ ഗവൺമെന്റ് വകുപ്പുകളേയും കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളേയും പൗരാവകാശരേഖ രൂപീകരിക്കുന്നതിനായി ആദ്യഘട്ടമായി തെരഞ്ഞെടുക്കുകയും അവിടെയെല്ലാം പൗരാവകാശരേഖ തയ്യാറാക്കുകയും ചെയ്തു. പൊതുജനങ്ങൾ കൂടുതലായി സമീപിക്കുന്ന റവന്യൂ, സിവിൽ സപ്ലൈസ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മോട്ടോർ വെഹിക്കിൾസ്, പൊതുമരാമത്ത് തുടങ്ങിയ ഗവൺമെന്റ് വകുപ്പുകളിൽ നിലവിലിരിക്കുന്നതും ഉപയോഗത്തിലിരിക്കുന്നതുമായ മാന്വലുകൾ, റൂളുകൾ, ആക്ടുകൾ എന്നിവ പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എൻക്വയറി കൗണ്ടർ തുറക്കുക വഴി പൊതു ജനങ്ങളുടെ

പരാതികളും അവരുടെ ആവശ്യങ്ങളും പരിഹൃതമാകുന്നതിനുള്ള വഴി തെളിഞ്ഞിട്ടുണ്ട്. താഴെത്തട്ടിൽ താലൂക്കുതലം വരെയുള്ള ഓഫീസുകളിൽ എൻക്വയറി കൗണ്ടർ തുറക്കുക വഴി ഓരോ വകുപ്പും നടത്തുന്ന പ്രവർത്തന ങ്ങളുടെ വിവരവും ജനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടേയും പരാതിയു ടേയും അവസ്ഥയും പൊതുജനങ്ങൾക്ക് അറിയാൻ കഴിയുന്നുണ്ട്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് പല മേഖലകളിലും സമ്പൂർണ്ണ അധികാരം നൽകിയതും ഭരണ ത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ്. കൂടാതെ ഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്നുറപ്പുവരുത്തുന്നതിനായി ഗ വൺമെന്റ് ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തുന്നുമുണ്ട്. സെക്രട്ടേറിയ റ്റിലെ ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലതാ മസം ഒഴിവാക്കുന്നതിനുമായി സെക്രട്ടേറിയറ്റ് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള തുപോലെ കൃത്യമായി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ കൂടി ഓരോ വകുപ്പിന്റേയും പ്രവർത്തനവും പ്രധാനപ്പെട്ട വിഷയങ്ങളും അവലോകനം ചെയ്യണമെന്നും ഗവൺമെന്റ് സെക്രട്ടറിമാർക്ക് സർക്കുലർ നിർദ്ദേശം നൽകി യിട്ടുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ഭരണപരമായ കഴിവു വർദ്ധിപ്പിക്കു ന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപന ത്തിലും മറ്റു പരിശീലന സ്ഥാപനങ്ങളിലും പല വിഷയത്തിലും ട്രെയിനിംഗ് നൽകുന്നുണ്ട്. സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും അവയിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണനില വാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി ഭരണ നവീകരണ പരിപാടിയുടെ (എം.ജി.പി) ഭാഗമായി നടപ്പിലാക്കി വരുന്ന ഒരു ഉദ്യമമാണ് സെക്രട്ടേറിയറ്റിനും തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകൾക്കും വേണ്ടി

യുള്ള സേവന പ്രദാന നയം. ഇതിന്റെ ഭാഗമായി ആരോഗ്യം, റവന്യൂ, രജിസ്ട്രേഷൻ, ഭക്ഷ്യ പൊതുവിതരണം, പൊതു വിദ്യാഭ്യാസം, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, സാമൂഹ്യക്ഷേമം, എന്നീ വകുപ്പുകൾ തങ്ങളുടെ വകുപ്പുതല സേവന പ്രദാന തന്ത്രങ്ങൾക്ക് അന്തിമ രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഭരണനവീകരണ പദ്ധതിയുടെ ഭാഗമായി സർക്കാർ തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് വിവിധ വകുപ്പുകളിൽ പഠനം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി ശുപാർശകൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഇതിനകം 24 വകുപ്പുകളിൽ ഇത്തരത്തിലുള്ള പഠനം നടത്തി ശുപാർശകൾ നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകളിലും പഠനം നടത്തുന്നുണ്ട്. ഭരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലതാമസവും കുടിശ്ശികയും ഒഴിവാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്. ഫയലുകൾ ശരിയായവിധം പരിശോധിക്കാതെയും അനാവശ്യമായി വച്ചു താമസിപ്പിച്ചും തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാക്കരുതെന്ന് 18-06-2007-ലെ സർക്കുലർ പ്രകാരം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ ഉദ്യോഗസ്ഥർ കൃത്യമായി ഹാജരാകണമെന്ന് നിഷ്ക്കർഷിച്ചും അതിനുള്ള നടപടികൾ വ്യവസ്ഥ ചെയ്തുകൊണ്ടും 14-05-2008-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്. കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലും, എം.ഒ.പി.യിലും ഫയലുകളിൽ കാലതാമസമില്ലാതെ തീരുമാനമെടുക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ അനാസ്ഥ വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരി

ക്കുമെന്ന് മുന്നറിയിപ്പും നൽകിക്കൊണ്ട് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റ് മാന്വലും എം.ഒ.പി. -യും കാലോചിതമായി പരിഷ്ക്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ഭരണ നവീകരണ പദ്ധതിയിലെ പ്രധാന ഇനമായ സേവനപ്രദാന പദ്ധതി മുഖേനയാണ് സർക്കാർ ഓഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയത്. തദ്ദേശ സ്വയംഭരണം, റവന്യൂ, രജിസ്ട്രേഷൻ, സാമൂഹ്യക്ഷേമം, പോലീസ്, ഭക്ഷ്യ-സിവിൽ സപ്ലൈസ്, വിദ്യാഭ്യാസം, ആരോഗ്യം എന്നീ എട്ടു വകുപ്പുകളിലെ 22 ഇനം സ്ഥാപനങ്ങളിൽ നിന്ന് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 2587 സ്ഥാപനങ്ങളിൽ സേവന പ്രദാന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനവും സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ അടിസ്ഥാന വികസനം, ഉപകരണങ്ങളും മറ്റും വാങ്ങൽ, ജീവനക്കാരുടെ പരിശീലനം എന്നിവ 14 ജില്ലകളിലും അതാത് വകുപ്പുകളുടെ മേൽനോട്ടത്തിൽ നടത്തിയിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷം സേവന പ്രദാന പദ്ധതിക്കായി തുകയൊന്നും മാറ്റിവച്ചിട്ടില്ല. സിവിൽ സർവ്വീസിനെ നവീകരിക്കുന്നതിന്റെ തുടർച്ചയായി ഇപ്പോൾ നികുതി വകുപ്പിലും ട്രഷറികളിലും നടത്തുന്ന സോഷ്യൽ ആഡിറ്റ് റവന്യൂ, സിവിൽ സപ്ലൈസ്, മോട്ടോർ വെഹിക്കിൾസ് തുടങ്ങിയ വകുപ്പുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട 4 മുതൽ 30 വരെയുള്ള (27) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 206 വരെയുള്ള ചോദ്യങ്ങളിൽ 149 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)